# ബേസാ... ഒരു അൽബേനിയൻ വീരഗാഥ



*നോർമൻ ഗെർഷ്മാൻ*

**രണ്ടാം** ലോകയുദ്ധം പ്രമേയമാക്കി എഴുതപ്പെട്ട പുസ്തകങ്ങൾക്കോ നിർമിക്കപ്പെട്ട സിനിമകൾക്കോ കൈയും കണക്കുമില്ല. എന്നിട്ടും ഈ യുദ്ധത്തിന്റെ പല ഏടുകളും ഇപ്പോഴും വെളിച്ചം കാണാതെ പൊടിമൂടി കിടക്കുന്നു. അങ്ങനെയുള്ള ഉജ്ജ്വലമായ ഒരേട് പൊടിതട്ടിയെടുക്കാനുള്ള ശ്രമത്തിലാണ് കഴിഞ്ഞ അഞ്ചു വർഷമായി അമേരിക്കൻ ഫോട്ടോഗ്രാഫറായ നോർമൻ ഗെർഷ്മാൻ. യുദ്ധകാലത്ത് നാസികൾ യൂറോപ്പിലുടനീളം ജൂതന്മാരെ വേട്ടയാടിയപ്പോൾ ആയിരക്കണക്കിന് ജൂതകുടുംബങ്ങൾക്ക് അഭയം നൽകിയത് അൽബേനിയൻ മുസ്‌ലിംകളായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ.

നാസികളുടെ പീഡനത്തിൽനിന്ന് ജൂതന്മാരെ രക്ഷിച്ചവരെക്കുറിച്ച് നടത്തിയ പഠനത്തിനിടയിലാണ് ഗെർഷ്മാൻ ആ പട്ടികയിൽ നിരവധി മുസ്‌ലിം പേരുകൾ കാണാനിടയായത്. ഒട്ടുമിക്കതും അൽബേനിയൻ പേരുകൾ. അങ്ങനെ ഇതുതന്നെ ഒരു പ്രോജക്ടാക്കി മാറ്റുകയായിരുന്നു അദ്ദേഹം. “ഞാൻ അൽബേനിയയിലും കൊസോവയിലും ഉടനീളം സഞ്ചരിച്ചു. ജൂതകുടുംബങ്ങൾക്ക് അഭയം നൽകിയവരുടെ പിന്മുറക്കാരെ കണ്ടു. അഭയം നൽകിയവരിൽ ചിലർ പോലും ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്.”

ഇതു സംബന്ധമായ ചിത്രങ്ങളും വിവരങ്ങളും ശേഖരിച്ച ശേഷം ഗെർഷ്മാൻ ജറൂസലമിലെ ഹോളോകാസ്റ്റ് മ്യൂസിയമായ *യദ്‌വശേമിൽ* ഒരു പ്രദർശനം നടത്തിയിരുന്നു. അടുത്ത വർഷം ഒരു ഡോക്യുമെന്ററി ചിത്രം നിർമിക്കാനും, രക്ഷകരായി മാറിയ അൽബേനിയൻ മുസ്‌ലിംകളുടെ പൂർണ വിവരങ്ങളടങ്ങിയ ഒരു സചിത്ര പുസ്തകം പുറത്തിറക്കാനും അദ്ദേഹത്തിന് പരിപാടിയുണ്ട്.

തന്റെ പ്രോജക്ടിന് അദ്ദേഹം പേരിട്ടിരിക്കുന്നത് ‘ബേസാ’ (BESA) എന്നാണ്. ഇതൊരു അൽബേനിയൻ വാക്കാണ്. നിങ്ങളുടെ കതകിൽ ഒരാൾ- അയാൾ ആരായിരുന്നാലും- മുട്ടിവിളിച്ചാൽ അയാൾക്ക് അഭയം നൽകേണ്ടത് നിങ്ങളുടെ ബാധ്യതയാണ് എന്നാണത്രെ ഈ വാക്കിന്റെ പൊരുൾ. ഇതൊരു ഖുർആനിക ആശയമാണെന്നും അത് പ്രാവർത്തികമാക്കിയാൽ സ്വർഗപ്രവേശം ഉറപ്പാണെന്നും അൽബേനിയക്കാർ വിശ്വസിക്കുന്നു.

നാസി അധിനിവേശം നടന്ന, എന്നാൽ ജൂതന്മാർക്ക് അഭയം നൽകിയ ഏക രാഷ്ട്രമായിരുന്നു അൽബേനിയ. ഒരു ജൂതനെപ്പോലും അൽബേനിയക്കാർ നാസികൾക്ക് കൈമാറിയതിന് തെളിവില്ലെന്ന് ഗെർഷ്മാൻ പറയുന്നു. രണ്ടാം ലോകയുദ്ധം കഴിഞ്ഞപ്പോഴേക്കും അൽബേനിയയിൽ യുദ്ധത്തിനു മുമ്പുള്ളതിനേക്കാൾ പത്തിരട്ടി ജൂതന്മാർ ഉണ്ടായിരുന്നുവത്രെ. മുസ്‌ലിം കുടുംബങ്ങളിൽ മുസ്‌ലിം പേരുകളുമായാണ് അക്കാലമത്രയും ജൂതന്മാർ ജീവിച്ചത്.

ഇസ്‌ലാമും മുസ്‌ലിംകളും സമൂഹത്തിൽ വർഗീയ വിദ്വേഷമുണ്ടാക്കുന്നു എന്ന് വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്ന ഇക്കാലത്ത്, അൽബേനിയൻ മുസ്‌ലിംകളുടെ ഉജ്ജ്വല മാതൃക ഉയർത്തിക്കാട്ടേണ്ടതുണ്ടെന്ന് സൂഫിസത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച ഈ ജൂതവംശജൻ വിശ്വസിക്കുന്നു. “എനിക്ക് ഇസ്‌ലാം കവിതയാണ്, ശാസ്ത്രമാണ്, സൗന്ദര്യമാണ്, ആത്മീയതയിലേക്കുള്ള വഴിയാണ്.” ■




*സെർബിയൻ മുസ്‌ലിം നേതൃത്വം*

## പ്രവാചക പത്നീനിന്ദ വീണ്ടും

**പുറത്തിറങ്ങി** മൂന്നു ദിവസത്തിനകം ഒരു സെർബിയൻ നോവലിന്റെ മുഴുവൻ കോപ്പികളും അതിന്റെ പ്രസാധകർ പിൻവലിച്ചു. നോവലിന്റെ പേര് 'മദീനയിലെ രത്നം.' പ്രവാചക പത്നി ഹസ്രത്ത് ആഇശയുടെ ജീവിതത്തെ വളരെ വികൃതമായി ചിത്രീകരിക്കുന്ന കൃതിയാണിത്. 'റുശ്ദിയുടെ പൈശാചിക പദ്യങ്ങളേക്കാൾ മാരകമാണിത്'- സെർബിയൻ പത്രം *ദാൻസ്* അഭിപ്രായപ്പെട്ടു. ഷെറി ജോൺസ് എന്ന നാലാംകിട അമേരിക്കൻ എഴുത്തുകാരി ഇംഗ്ലീഷിലാണ് ഇതിന്റെ കൈയെഴുത്ത് പ്രതി (The Jewel of Madina) തയാറാക്കിയിരുന്നതെങ്കിലും പ്രസാധകരായ റാൻഡം ഹൗസ് അപകടം മുൻകൂട്ടി കണ്ട് പ്രസിദ്ധീകരിക്കാൻ തയാറായില്ല.

സെർബിയൻ മുസ്‌ലിംകളുടെ ശക്തമായ എതിർപ്പ് കാരണമാണ് പ്രസാധകർ പിൻവലിഞ്ഞത്. പുസ്തകം പിൻവലിക്കാത്ത പക്ഷം മുസ്‌ലിംകളൊന്നൊടങ്കം പ്രതിഷേധവുമായി തെരുവിലിറങ്ങുമെന്ന് സെർബിയൻ മുഫ്തി മുഅമ്മർ സോക്കോർലിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. എട്ട് മില്യൻ സെർബിയൻ ജനസംഖ്യയിൽ ഏഴു ലക്ഷമാണ് മുസ്‌ലിംകൾ. ■

## ഫ്രാൻസിൽ പ്രതിഷേധം പടരുന്നു



**"അമേരിക്കക്ക്** അവരുടേതായ താൽപര്യങ്ങളുണ്ട്. അതിന് വേണ്ടിയാണ് അവർ യുദ്ധം ചെയ്യുന്നത്. നമ്മുടെ പട്ടാളക്കാർ അവിടെപ്പോയി ചാവുന്നതെന്തിന്?"- തീവ്ര ഫ്രഞ്ച് വലതുപക്ഷ നേതാവ് ജോൺ മാരി ലോബന്റേതാണ് ചോദ്യം. താലിബാന്റെ ഒളിയാക്രമണത്തിൽ കഴിഞ്ഞ ആഴ്ച പത്ത് ഫ്രഞ്ച് സൈനികർ ഒറ്റയടിക്ക് കൊല്ലപ്പെട്ടതും 21 പേർക്ക് മാരകമായി പരിക്കേറ്റതും ഫ്രഞ്ച് രാഷ്ട്രീയത്തെ ഇളക്കി മറിക്കുകയാണ്. ഫ്രഞ്ച് പ്രസിഡന്റ് തന്റെ ഒഴിവുകാല വിനോദങ്ങൾ വേണ്ടെന്നു വെച്ച്, പട്ടാളക്കാർക്ക് ആത്മധൈര്യം പകരാൻ അഫ്ഗാനിൽ കുതിച്ചെത്തിയതിൽനിന്ന് മനസ്സിലാക്കാം പ്രശ്നത്തിന്റെ ഗൗരവം.

ഇടതു വലതു ഭേദമില്ലാതെ എല്ലാ കക്ഷികളും വളരെ ശക്തമായി തന്നെ അഫ്ഗാനിൽനിന്ന് ഫ്രഞ്ച് സൈനികരെ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകഴിഞ്ഞു. "അഫ്ഗാനിൽ നടക്കുന്നത് ഒരുതരം നിഴൽ യുദ്ധമാണ്. വ്യക്തമായി നിർണയിച്ചിട്ടില്ലാത്ത ശത്രുവിനെ എങ്ങനെയാണ് സൈനികമായി പരാജയപ്പെടുത്താനാവുക?"- ഫ്രഞ്ച് ദിനപത്രമായ *ലമോണ്ട്* ചോദിക്കുന്നു.

ഫ്രഞ്ച് പ്രസിഡന്റ് സർക്കോസി നാലു മാസം മുമ്പാണ് 'ഭീകരതാവിരുദ്ധ' യുദ്ധത്തിന് ശക്തിപകരാൻ 700 ഫ്രഞ്ച് സൈനികരെ കൂടുതലായി നൽകിയത്. ഇപ്പോൾ അഫ്ഗാനിൽ മൂവായിരം ഫ്രഞ്ച് സൈനികരുണ്ട്. തലസ്ഥാനമായ കാബൂളിന് ചുറ്റുമാണ് അവർ നിലയുറപ്പിച്ചിരിക്കുന്നത്. അടുത്ത കാലത്ത് ഫ്രാൻസിന് പുറത്ത് ഫ്രഞ്ച് സേനക്ക് നേരിട്ട ഏറ്റവും വലിയ രണ്ടാമത്തെ ആൾനാശമാണിത്. 1982-ലെ ബൈറൂത്ത് സ്ഫോടനത്തിൽ 52 ഫ്രഞ്ച് സൈനികർ കൊല്ലപ്പെട്ടിരുന്നു. ■